II ഇ.ബി. XIII- കേരള നിയമസഭ/IX-2

പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2013 ജൂൺ 11, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

4 (*31) ഭവനനിർമ്മാണ വായ്പ എഴുതിത്തള്ളാൻ നടപടി

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, ഭവന നിർമ്മാണ ബോർഡ് 1980–86–കളിൽ നടപ്പാക്കിയ ഹഡ്കോ 80, എൽ.ഐ.ജി., എൽ.ഐ.ജി. 83, എൽ.ഐ.ജി. 86, എൽ.ഐ.ജി. 82 എന്നീ പദ്ധതിയിൽപ്പെട്ട ഭവന വായ്പ കളും മൈത്രി വായ്പാ ഗഡുക്കൾ ഭാഗികമായി കൈപ്പറ്റിയതും വീട് പണി പൂർത്തികരിച്ചിട്ടില്ലാത്തവരുമായ 784 പേരുടെ കുടിശ്ശിക തുകയായ 4.04 കോടി രൂപ എഴുതിത്തള്ളുന്ന കാര്യവും 34,000/ രൂപയ്ക്ക് മുകളിൽ അനുവ ദിച്ചിട്ടുള്ള എൽ.ഐ.ജി. വിഭാഗത്തിൽപ്പെട്ട വായ്പ തിരിച്ചടയ്ക്കാൻ നിർവ്വാ ഹമില്ലാത്തവർക്ക് ഇളവുകൾ അനുവദിക്കുന്ന കാര്യവും സർക്കാരിന്റെ പരി ശോധനയിലാണെന്ന് സഭയെ അറിയിച്ചു. 1996 മുതൽ ദുർബലവിഭാഗ ക്കാർക്കായി നടപ്പിലാക്കിയ മൈത്രി ഭവന പദ്ധതിയിലെ കുടിശ്ശികക്കാരായ

38,384 പേരുടെ 137.94 കോടി രൂപ എഴുതിത്തള്ളുകയും ആവശ്യമായ രേഖകൾ സമർപ്പിച്ചവരുടെ പണയാധാരങ്ങൾ തിരികെ നൽകുകയും ചെയ്തി ട്ടുണ്ട്. രോഗികളും അശരണരുമായ വിവിധ വായ്പാ പദ്ധതികളിൽപ്പെട്ട 19 ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശികയായ 59.84 ലക്ഷം രൂപയും എഴു തിത്തള്ളിയിട്ടുണ്ട്. മൈത്രി ഭവന പദ്ധതിയിൽ ഭാഗീകമായി വായ്പ തിരിച്ചടച്ച അർഹതപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിച്ചിട്ടുണ്ടെങ്കിൽ പരിശോധിച്ച് പരി ഹാര നടപടികൾ സ്വീകരിക്കുന്നതാണ്. തുകയടയ്ക്കാൻ നിവൃത്തിയില്ലാ യെന്ന് ജില്ലാ കളക്ടറുടെ ശുപാർശ സഹിതം ഗവൺമെന്റിനെ സമീപിക്കുന്ന മാരകമായ രോഗം ബാധിച്ചവരുടെയും അഗതികളുടെയും മരിച്ചുപോയ ഗുണഭോക്താക്കളുടെ വിധവകളുടെയും വായ്പ എഴുതിത്തള്ളുന്നതാണ് ഭവന നിർമ്മാണ ബോർഡിൽ നിന്ന് വായ്പ എടുക്കുന്നവരിൽ മാരകരോഗ ത്തിന് അടിമപ്പെടുകയോ മരണപ്പെടുകയോ ചെയ്യുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം സജീവ പരിഗണനയിലാണ്. ഗവൺമെന്റിനെ സമീപിക്കുന്ന പാവപ്പെട്ടവരും ദുർബലരുമായ ആളുകൾക്ക് വായ്പ തുക തവണകളായി അടയ്ക്കുന്നതിന് ഉദാരമായ സമീപനം സ്വീകരി ക്കുന്നുണ്ട്. പിഴപ്പലിശ ഒഴിവാക്കി വായ്പ തിരിച്ചടവിന് വൺടൈം സെറ്റിൽമെന്റ് ഏർപ്പെടുത്തുന്നതാണ്. ദുർബല വിഭാഗങ്ങളെ സംരക്ഷിച്ചു കൊണ്ട് എൽ.ഐ.ജി., എം.ഐ.ജി., എച്ച്.ഐ.ജി. എന്നീ ഭവന വായ്പാ പദ്ധതികളിൽപ്പെട്ട 6151 ഗുണഭോക്താക്കളുടെ കുടിശ്ശിക തുകയായ 274 കോടി രൂപ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സാഫല്യം, ഗൃഹശ്രീ, പാരസ്പര്യം, സാന്ത്വനം, ശാന്തിനഗർ, സായൂജ്യം തുടങ്ങി ഭാവനാ പൂർണ്ണമായ ഭവനനിർമ്മാണ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നും

പ്രവാസികൾക്കായി ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

5 (*32) <u>അന്തർ സംസ്ഥാന സർവ്വീസ്</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതിനുള്ള റൂട്ട് പെർമിറ്റ് സംബന്ധിച്ച് തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളുമായി ധാരണയുണ്ടാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാർ പ്രകാരം ലഭ്യമായ മുഴുവൻ കിലോമീറ്ററും ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിവരുന്നുണ്ട്. ചില സ്ഥലങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിന് തമിഴ്നാട് ഗവൺമെന്റിൽ നിന്ന് അനുമതി തേടിയിട്ടുണ്ട്. കർണ്ണാടകവുമായി നിലവിലുള്ള കരാറിലെ മുഴുവൻ കിലോമീറ്ററും കെ.എസ്.ആർ.ടി.സി ഉപയോഗിക്കുന്നില്ല. കല്പറ്റ – മെർക്കാറ – കണ്ണൂർ – ബാംഗ്ലൂർ, കാസർഗോഡ് – സുള്ള്യ എന്നീ റൂട്ടുകളിലായി 1707.8 കിലോമീറ്റർ ദൂരം കെ.എസ്.ആർ.ടി.സി. പെർമിറ്റ് എടുക്കുവാനുണ്ട്. ബസ്സും ജീവനക്കാരും ലഭ്യമാകുന്നതനുസരിച്ച് പെർമിറ്റുകൾ കരസ്ഥമാക്കിക്കൊണ്ടിരിക്കുകയാണ്. ഓർഡിനറി ബസുകളിൽ 12,700 രൂപയും ഫാസ്റ്റ് പാസഞ്ചർ ബസുകളിൽ 14,700 രൂപയും സൂപ്പർ ഫാസ്റ്റ് ബസുകളിൽ 17,000 രൂപയും സൂപ്പർ എക്സ്പ്രസ് ബസുകളിൽ 18,000 രൂപയും സൂപ്പർ ഡീലക്സ് ബസുകളിൽ 20,000 രൂപയും വരുമാനം ലഭിച്ചാൽ മാത്രമേ ലാഭവും നഷ്ടവുമില്ലാത്ത അവസ്ഥയിൽ സർവ്വീസ് നടത്തുന്നതിന് സാധിക്കുകയുള്ളുവെന്നാണ് കെ.എസ്.ആർ.ടി.സി. കണക്കാക്കിയിരിക്കുന്നത്. അന്തർ സംസ്ഥാന

സർവ്വീസുകളിൽ ഇപ്പോൾ 82 ഓർഡിനറി സർവ്വീസുകളും 36 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും 8 സൂപ്പർ ഫാസ്റ്റ് സർവ്വീസുകളും 11 സൂപ്പർ എക്സ്പ്രസ് സർവ്വീസുകളും 2 സൂപ്പർ ഡീലക്സ് സർവ്വീസുകളും നഷ്ടത്തിലാണ് നടത്തിവരുന്നത്. അന്തർ സംസ്ഥാന വിനോദസഞ്ചാര/തീർത്ഥാടന യാത്രാ പാക്കേജുകൾ കോൺട്രാക്ട് കാര്യേജായി നടത്തുന്ന കാര്യം ബോർഡിന്റെ സജീവ പരിഗണനയിലാണ്. പാലക്കാട്-ഊട്ടി സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പ്രത്യേകം പരിശോധിക്കുമെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

6 (*33) <u>കായംകുളം വൈദ്യുതി നിലയം</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, എറണാകുളത്ത് പണി പൂർത്തിയായി വരുന്ന എൽ.എൻ.ജി. ടെർമിനൽ ഉപയോഗപ്പെടുത്തിക്കൊണ്ട് 1026 MW ശേഷിയുള്ള ബ്രഹ്മപുരം പദ്ധതി, 1050 MW ശേഷിയുള്ള RGCCPP കായംകുളം പദ്ധതി, 1200 MW ശേഷിയുള്ള പുതുവൈപ്പിൻ പദ്ധതി എന്നിവ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. കൂടാതെ കായംകുളം RGCCPP-യിൽ നിലവിലുള്ള 360 MW നിലയത്തിന്റേയും BSES-ന്റെ കൊച്ചിയിലുള്ള 157 MW നിലയത്തിന്റെയും ഇന്ധനം LNG യിലേക്ക് പരിവർത്തനം ചെയ്യുന്നതും പരിഗണിച്ചുവരുന്നുണ്ട്. കാസർഗോഡ് ചീമേനിയിൽ കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ പ്രകൃതിവാതകം അധിഷ്ഠിതമായി മറ്റൊരു വൈദ്യുത പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കായംകുളം വൈദ്യുത നിലയത്തെ എൽ.എൻ.ജി. ഇന്ധനമായി ഉപയോഗിച്ച് വിപുലീകരിക്കുന്നതിന്

വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും എൽ.എൻ.ജി.–യുടെ വിലക്കൂടുതലും അന്താരാഷ്ട്ര ക്രൂഡോയിൽ വിലയ്ക്ക് ആനുപാതികമായി വില വ്യത്യാസം വരുന്നതിനാലും പവർ പർച്ചേസ് എഗ്രിമെന്റിൽ ഒപ്പുവയ്ക്കുന്നതിന് തമിഴ്നാടും ആന്ധ്രാപ്രദേശും തയ്യാറാകാത്തത് പദ്ധതിയുടെ വിപുലീകരണത്തിനുള്ള പ്രധാന തടസ്സമായി നിൽക്കുകയാണ്. കായംകുളം പദ്ധതിയിൽ നിന്ന് വിലകൂടിയ വൈദ്യുതി എടുക്കുന്നത് പരിഗണിച്ച് താൽച്ചറിൽ നിന്ന് 180 MW വൈദ്യുതി കേരളത്തിനും, ഈസ്റ്റേൺ റീജിയണിൽ നിന്ന് 180 MW വൈദ്യുതി തമിഴ്നാടിനും അനുവദിച്ചിരുന്നു. എന്നാൽ തമിഴ്നാട് ഏകപക്ഷീയമായി കരാറിൽ നിന്ന് പിന്മാറിയതിനാൽ കായംകുളത്തുനിന്നുള്ള 360 MW വൈദ്യുതിയും കേരളം എടുക്കേണ്ടിവന്നത് പരിഗണിച്ച് നിലവിലുള്ള 180 MW വൈദ്യുതി കൂടാതെ, അധികമായി 135 MW വൈദ്യുതികൂടി കേരളത്തിന് അനുവദിച്ചു നൽകി. എന്നാൽ അധികമായി അനുവദിച്ച കേന്ദ്ര വൈദ്യുത വിഹിതത്തിൽ നിന്ന് 2012 ജൂലൈ മാസത്തിൽ 100 MW–ഉം 2013 ഏപ്രിൽ മാസത്തിൽ 35 MW–ഉം റദ്ദ് ചെയ്യുകയുണ്ടായി. എൽ.എൻ.ജി. ടെർമിനലിൽ നിന്ന് കായംകുളം താപനിലയത്തിലേയ്ക്ക് പ്രകൃതിവാതക പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള തടസം നീക്കുന്നതുമായി ബന്ധപ്പെട്ട് ആൾ പാർട്ടി മീറ്റിംഗ് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. എൽ.എൻ.ജി. ടെർമിനലിന്റെ വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത 20 ഏക്കർ സ്ഥലത്തിന് പകരമായി ഫിഷറീസ് യൂണിവേഴ്സിറ്റിക്ക് കൊച്ചിൻ പോർട്ട് ട്രസ്റ്റ് സ്ഥലം അനുവദിച്ചിട്ടില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കും. രാജീവ് ഗാന്ധി റൂറൽ

വൈദ്യുതീകരണ പദ്ധതി പ്രകാരം കേരളത്തിന് അനുവദിച്ച 78 കോടി രൂപ ഉപയോഗിച്ച് 6 മാസത്തിനുള്ളിൽ കെ.എസ്.ഇ.ബി.-ക്ക് അതിന്റെ പണി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2015-ഓടെ കൊച്ചിൻ റിഫൈനറിയുടെ എക്സ്പാൻഷൻ പൂർത്തിയാകുമ്പോൾ അതിന്റെ ബൈ-പ്രൊഡക്ടായി വരുന്ന പെറ്റ്കോക്ക് ഉപയോഗിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും. ഗാഡ്ഗിൽ ഫോർമുല അനുസരിച്ച് കൂടംകുളം ആണവ വൈദ്യുത നിലയത്തിൽ നിന്ന് 266 മെഗാവാട്ട് വൈദ്യുതി കേരളത്തിന് ലഭിക്കുമെന്ന് ഉറപ്പായിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള പകൽ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഒരുപ ചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

7 (*34) ഐ.ടി. വ്യവസായ വികസനത്തിനുള്ള പദ്ധതികൾ

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഐ.ടി. മേഖലയുടെ പ്രോത്സാഹനവും വളർച്ചയും ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ 2012-ലെ ഐ.ടി. നയം പ്രഖ്യാപിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഐ.ടി. വ്യവസായ വികസനത്തിന്റെ ഭാഗമായി തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് തുടങ്ങിയവയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ എയർപോർട്ടുകളെയും തുറമുഖങ്ങളെയും ബന്ധപ്പെടുത്തിക്കൊണ്ട് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് സോൺ സ്ഥാപിച്ച് ഐ.ടി./ഐ.ടി.ഇ.എസ്., ഇലക്ട്രോണിക്സ് വ്യവസായങ്ങൾക്ക്

പ്രാമുഖ്യം നൽകാൻ ഉദ്ദേശിക്കുന്നു. ചില സ്ഥലങ്ങളിൽ ചെറുകിട ഐ.ടി. പാർക്കുകൾ സജ്ജീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. കൊച്ചി ആസ്ഥാനമായി സ്മാർട്ട്സിറ്റി, തിരുവനന്തപുരത്ത് ഇൻഫർമേഷൻ ടെക്നോളജി ട്രെയിനിംഗിനുവേണ്ടി ഐ.സി.ടി. അക്കാദമി, യുവസംരംഭകർക്ക് സ്വന്തമായി വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള പരിജ്ഞാനം ആർജ്ജിക്കുന്നതിന് സഹായിക്കുന്ന ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററിന്റെ കീഴിൽ കൊച്ചിയിൽ ഇന്നവേഷൻ സോൺ എന്നിവയും ഉടൻ പ്രവർത്തനം ആരംഭിക്കും. വിവര സാങ്കേതിക മേഖലയിലെ പദ്ധതികൾക്ക് വേണ്ട ഭൂമിയും അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലം, വൈദ്യുതി എന്നിവയും ലഭ്യമാക്കുന്നതിന് കേരളാ സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ ഐ.ടി./ഹൈടെക് പാർക്കുകൾ ആരംഭിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പ്രഖ്യാപിക്കുകയും ഏകജാലക സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനം ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും അവിടെ 31 ഐ.ടി. കമ്പനികൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ടെന്നും ഒരുപ ചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 312 മുതൽ 647 വരെയുള്ള ചോദ്യങ്ങളിൽ 249 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)